# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി8/1147
/22.12.2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 22/12/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം,(ഉപരിപത്രം സഹിതം)
2.ജോയിന്റ് ഡയറക്ടർ,എൽ. എസ്.ജി.ഡി,ഇടുക്കി
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി8/1147 /22.12.2025 തീയ്യതി: 22/12/2025

## ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-10-2024 മുതൽ 06-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-09-2025 | 12-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2025 | 12-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ അഭിലാഷ് എം.കെ. അസി.ഓഡിറ്റ് ഓഫീസർ

ശ്രീ സാമുവൽ രാജ് , അസി.ഓഡിറ്റ് ഓഫീസർ

ശ്രീ ഡാനിഷ് കെ.ഇസഡ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഷൈനി എം.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി പി | പ്രസിഡന്റ് | 01-04-2024 | 04-06-2024 |
| ശ്രീമതി ജിഷ ദിലീപ് | പ്രസിഡന്റ് | 05-06-2024 | 31-03-2025 |
| ശ്രീ റ്റോമി ജോസഫ് | സെക്രട്ടറി | 01-04-2024 | 20-11-2024 |
| ശ്രീ ശ്യാം ജോസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2024 | 07-02-2025 |
| ശ്രീ.ഷാജു എം.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേഴ്സി എ.എ | ശിശുവികസന പദ്ധതി ഓഫീസർ അഡീഷണൽ ചാർജ് മൂന്നാർ | 01-04-2024 | 28-02-2025 |
| ശ്രീമതി ,ഷൈലജ വി.കെ | ശിശുവികസന പദ്ധതി ഓഫീസർ അഡീഷണൽ ചാർജ് മൂന്നാർ | 01-03-2025 | 31-03-2025 |
| ശ്രീമതി ആൻസി റ്റി യോഹന്നാൻ | ശിശു വികസന പദ്ധതി ഓഫീസർ ദേവികുളം | 01-04-2024 | 07-07-2024 |
| ശ്രീമതി ,ഷൈലജ വി.കെ | ശിശു വികസന പദ്ധതി ഓഫീസർ ദേവികുളം | 08-07-2024 | 31-03-2025 |
| ശ്രീ ജോൺസൻ എം എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 01-01-2025 |
| ശ്രീമതി ജയന്തി ജെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 02-01-2025 | 31-03-2025 |
| ശ്രീ വിനയ ദാസ് എൻ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 03-11-2024 |
| ശ്രീ നിസാർ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 04-11-2024 | 09-01-2025 |
| ശ്രീ റഷീദ് പി.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10-01-2025 | 31-03-2025 |
| ശ്രീ ഷിബു ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ അഖിൽ ജി.എസ് | വ്യവസായ വികസന ഓഫീസർ | 01-04-2024 | 28-02-2025 |
| ശ്രീ ജോജിമോൻ പി.സി | വ്യവസായ വികസന ഓഫീസർ | 01-03-2025 | 31-03-2025 |
| ഡോ കെസ് ഡി സാം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)മറയൂർ | 01-04-2024 | 27-12-2024 |
| ഡോ സിസ്റ്റർ റോസമ്മ തോമസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)മറയൂർ | 28-12-2024 | 31-03-2025 |
| ഡോ ഷെറിൻ മേരി മാത്യു | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) ദേവികുളം | 01-04-2024 | 31-03-2025 |
| ശ്രീ ബാബു പി.ബി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2024 | 10-12-2024 |
| ശ്രീമതി രാധിക എം.എൽ | പട്ടിക ജാതി വികസന ഓഫീസർ | 11-12-2024 | 11-02-2025 |

| | | | |
|---|---|---|---|
| ശ്രീ ,ഷൈൻ എൻ .പി | പട്ടിക ജാതി വികസന ഓഫീസർ | 12-02-2025 | 31-03-2025 |
| ശ്രീ സുധീപ് കുമാർ എസ് | പട്ടിക വർഗ്ഗവികസന ഓഫീസർ | 01-04-2024 | 06-07-2024 |
| ശ്രീ ഗിരീഷ് എം.കെ | പട്ടിക വർഗ്ഗവികസന ഓഫീസർ | 07-07-2024 | 30-11-2024 |
| ശ്രീ സുധീപ് കുമാർ എസ് | പട്ടിക വർഗ്ഗവികസന ഓഫീസർ | 01-12-2024 | 31-03-2025 |
| ശ്രീമതി ജാസ്മിൻ സി.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 12-08-2024 |
| ശ്രീ വൈശാഖ് വി എൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-08-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു | 1-1-3 |
| 5 | തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | Prior Period Item-ഇനങ്ങൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് അപാകം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തെറ്റ് - യഥാർത്ഥ വരവ് - ചെലവുകളെ പ്രതിഫലിപ്പിക്കുന്നില്ല. | 1-3-2 |
| 15 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- നഷ്ടം രണ്ട് കോടിയിലധികം | 1-3-3 |
| 16 | പദ്ധതി അവലോകനം | 1-4 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-5 |
| 18 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് പരിശോധന | 1-7 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 21 | വാടകയിനത്തിൽ ഭീമമായ തുക ഈടാക്കാൻ അവശേഷിക്കുന്നു. | 1-9 |
| 22 | വനിതാ വികസന കേന്ദ്രം- റവന്യൂ റിക്കവറി - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-10 |
| 23 | കേരളോത്സവം 2024 - ചെലവ് രേഖകൾ ലഭ്യമല്ല | 1-11 |
| 24 | കമ്മിറ്റി അംഗീകാരമില്ലാതെ വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവർക്ക് യാത്രാബത്ത അനുവദിച്ചു | 1-12 |
| 25 | ദേവികുളം സി.എച്ച് സിയിലേക്ക് മരുന്ന്, ഉപകരണങ്ങൾ, ലാബ് അനുബന്ധ സാമഗ്രികൾ വാങ്ങൽ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-13 |
| 26 | വയോജനങ്ങൾക്ക് ബി.പി.അപ്പാരറ്റസ് വാങ്ങൽ– ബി.പി.അപ്പാരറ്റസ് ലഭ്യമാക്കിയില്ല | 1-14 |
| 27 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ– വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തടസ്സം ₹9407000/- | 1-15 |
| 28 | ഇക്കാനഗർ കുളം പൂർത്തികരണം-പദ്ധതി പ്രയോജനപ്രദമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 29 | ഡ്രൈനേജ് നിർമ്മാണം-ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചു നഷ്ടം ₹36574 /- | 1-17 |
| 30 | കുടിവെള്ള പദ്ധതികൾ മതിയായ നടപടി ക്രമങ്ങൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കുന്നു. | 1-18 |
| 31 | എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം അപാകങ്ങൾ - ₹5,76,409/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകുന്നു. | 1-20 |
| 33 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-21 |

| | | |
|---|---|---|
| 34 | മരാമത്ത് പ്രവൃത്തികൾ - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നില്ല. | 1-22 |
| 35 | കാലിത്തീറ്റ വിതരണം- ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ക്ഷീര സംഘങ്ങൾക്ക് സബ്സിഡി തുക പണമായി കൈമാറുന്നു | 1-23 |
| 36 | വ്യവസായ വികസന ഓഫീസർ പദ്ധതി നടപ്പാക്കിയില്ല | 1-24 |
| 37 | പട്ടികജാതി വികസന ഓഫീസർ ഒരു പദ്ധതി മാത്രം നടപ്പാക്കി | 1-25 |
| 38 | ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിൽ അപാകത | 1-26 |
| 39 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് നിർമ്മാണം-ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ച് നഷ്ടം ₹36,574 / | 3-1 |
| ഭാഗം **4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2025 -ലെ 4 (1) -ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 15.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31-03-2025 -ലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും, പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ **2024-25** വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ **സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
22.12.2025 **ഇടുക്കി**

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക കണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും പൊരുത്തപ്പെടുന്നില്ല

വാടകയിനത്തിലുള്ള വാർഷിക കണക്കിലെ തുകകളും വാടക ഡിമാന്റ് രജിസ്റ്ററിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| അദർ ഫിക്സഡ് അസറ്റ്സ് | 4157397 | 14951320 |
| വാട്ടർവേയ്സ് | - | 13322836 |
| സ്വീവേജ്സ് & ഡ്രയിനേജ് | - | 12504885 |

### 1-1-4 തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല, എട്ട് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ (എം.എസ്)152/2011 – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01.04.2024 – ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-6 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം ഏഴ് പൊതുമരാമത്ത് പ്രവൃത്തികളിലായി ₹3,13,96,327/- യുടെ പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ബി-11 (എ) ഷെഡ്യൂളിൽ Capital Work-In- Progress എന്ന ശീർഷകത്തിൽ ₹23,04,176/- എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' -ൽ രേഖപ്പെടുത്തിയ തുകയും (₹1,27,35,799/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' -ൽ രേഖപ്പെടുത്തിയ തുകയും (₹41,68,361/-) തുല്യമല്ല.

## 1-1-8 Prior Period Item-ഇനങ്ങൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18) പ്രകാരം "190000000-Prior Period Income" എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ഷെഡ്യൂൾ | 31.03.2025-ലെ ലെഡ്ജർ ബാക്കി |
|---|---|
| (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | -6950 |
| | 79698 |

## 1-1-9 റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് അപാകം

ബാങ്ക് ബുക്ക് നീക്കിയിരിപ്പ് (RP-40(b))- യിലെ കണക്കുകൾക്ക് പകരം തെറ്റായ കണക്കുകളാണ് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തിയത്. ആയതിനാൽ ബാങ്ക് റീക്കൺസിലിയേഷൻ കൃത്യത വ്യക്തമല്ല. വിശദവിവരം താഴെ നൽകുന്നു.

| അക്കൗണ്ട് | ഇനം | Rp 40 (B) | ബാങ്ക് സ്റ്റേറ്റ്മെന്റ് | റികൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|---|
| 358902010028256 | റെന്റ് | 1095886 | 1095886 | 1064065 |
| 358902010012455 | TSC | 396 | 396 | 384 |
| 358902010025532 | CFC | 33395175 | - | 33224344 |
| 358902010011601 | Sanitaion | 4028757 | 4028757 | 0.00 |
| 358902010017059 | SGSY | 0 | 0 | 13431 |
| 358902010016925 | Nirmal Bharat | 2372324 | 2372324 | 2308024 |
| 43319310729 | MPLADS | 61311 | 61311 | 0 |
| 57064858394 | Total Sanitation | 276824 | 276824 | 0 |
| 41627413285 | E-Tender | 14050 | 14050 | 0 |
| 57064860039 | Kerala Vikasana Padhadhi | 16211 | 16211 | 15782 |
| 38148922889 | MP/MLA Fund | 253465 | 253465 | -1503680 |
| 136912803000044 | IAY ADDL | 1345 | 1345 | 1293 |
| 136912803000037 | OWN FUND | 1169302 | 1169302 | 1125706 |

## 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | തീരുമാനം നമ്പർ/തീയതി |
|---|---|
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം | 1(1) 03.02.2024 |
| ഭരണസമിതി അംഗീകാരം | 1(1) 09. 02.2024 |
| ബജറ്റ് പുതുക്കൽ | ഇല്ല |

| ഇനം | ബജറ്റ് പ്രകാരം (₹) |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 630891646 |
| ആകെ | 630891646 |
| ചെലവ് | 609157870 |

| | |
|---|---|
| നീക്കിയിരിപ്പ് | 21733776 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | 0 | 36855447 | 36855447 | 15941630 | 20913817 |
| | എസ്.സി.പി | 0 | 39968983 | 39968983 | 32578927 | 7390056 |
| | ടി.എസ്.പി | 0 | 14292000 | 14292000 | 7849839 | 6442161 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 9446000 | 9446000 | 4229832 | 5216168 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ACR, ബാങ്ക് സ്റ്റേറ്റ്മെന്റ് ഇവ പ്രകാരം | ഉപാധി | 5631067 | 20696312 | 26327379 | 6921311 | 19406068 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant- Untied) ACR, ബാങ്ക് സ്റ്റേറ്റ്മെന്റ് ഇവ പ്രകാരം | ഉപാധി രഹിതം | 9570596 | 9469689 | 19614666 | 5625559 | 13989107 |
| | പലിശ | | 574381 | | | |
| എസ് ജി എസ് വൈ-320100102 | | 13072 | 359 | 13431 | 13431 | 0 |
| ഐ എ വൈ | പൊതു വിഭാഗം | 4280506 | 0 | 4280506 | 0 | 4208056 |
| | പട്ടിക വിഭാഗം | 8097561 | 0 | 8097561 | 0 | 8097561 |
| | അധീഷണൽ തുക | 1293 | 52 | 1345 | 0 | 1345 |
| എം എൽ എ ഫണ്ട് 450410108 | | 224428 | 29037 | 253465 | 0 | 253465 |
| 320100199- ആസ്പിരേഷൻ ബ്ലോക്ക് പ്രോഗ്രാം | | 175326 | 0 | 175326 | 0 | 175326 |
| 320200322- ശുചിത്വമിഷൻ നിർമ്മൽഭാരത് അഭിയാൻ | | 384 | 0 | 384 | 0 | 384 |
| 320200301- ചിന്നക്കനാൽ കോളനി രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി- പ്രത്യേക ഗ്രാന്റ് | | 3804425 | 0 | 3804425 | 0 | 3804425 |
| 320100120 – ഹെൽത്ത് ഗ്രാന്റ് | | -494719 | 6576729 | 6082010 | -5 | 6082015 |
| 320200307 – ഹെൽത്ത് ഗ്രാന്റ് | | 14257000 | 0 | 14257000 | 14257000 | 0 |
| 320100115 ടോട്ടൽ സാനിറ്റേഷൻ | | | 4306018 | 4306018 | 0 | 4306018 |

മുൻവർഷങ്ങളിൽ ചെലവ് ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്യാത്തതിനാൽ 320100120 എന്ന ശീർഷകത്തിൽ മുന്നിരിപ്പിൽ നെഗറ്റീവ് ബാലൻസും ചെലവ് ഭാഗത്ത് നെഗറ്റീവ് കണക്കും വന്നിരിക്കുന്നു.

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

**1. സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ച തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ധനകാര്യ വകുപ്പിന്റെ 20.02.2025 -ലെ സ.ഉ.(സാധാ) നം. 1625 /25 നമ്പരായുള്ള ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് താഴെ പരാമർശിക്കും പ്രകാരം വരവ് ഉണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | എസ്.സി.പി യിലേക്ക് നൽകിയത് / ലഭിച്ചത് (₹) | വരവ് തുക (₹) |
|---|---|---|---|
| പൊതു വിഭാഗം | 17578400 | 589983 | 16988417 |
| പട്ടിക ജാതി വിഭാഗം | 19004600 | 589983 | 19594583 |
| പട്ടിക വർഗ്ഗ വിഭാഗം | 4764000 | 0 | 4764000 |

**2. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല**

തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-3-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തെറ്റ് - യഥാർത്ഥ വരവ് - ചെലവുകളെ പ്രതിഫലിപ്പിക്കുന്നില്ല.**

സർക്കാർ ഉത്തരവ് പ്രകാരമുള്ള വരവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്തതിനാൽ യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | | യഥാർത്ഥം | | |
|---|---|---|---|---|---|---|
| | അലോട്ട്മെന്റ് (₹) | ചെലവ് (₹) | ചെലവ് ശതമാനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | ചെലവ് ശതമാനം |
| പൊതു വിഭാഗം | 35156600 | 15941630 | 45.34 | 36855447 | 15941630 | 43.25 |
| പട്ടികജാതി വിഭാഗം | 38009400 | 32578927 | 85.71 | 39968983 | 32578927 | 81.51 |
| പട്ടികവർഗ്ഗ വിഭാഗം | 9528000 | 7849839 | 82.38 | 14292000 | 7849839 | 54.92 |

**1-3-3 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- നഷ്ടം രണ്ട് കോടിയിലധികം**

2024-2025 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂവെന്ന് ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ. (കൈ) നം. 79/2021 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഗ്രാന്റ് | അലോട്ട്മെന്റ് (₹) | ചെലവ് (₹) | ചെലവ് % | 2025-26 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 2026-27-ൽ ലാപ്സാകുന്ന തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 36855447 | 15941630 | 43.25 | 7371089 | 13544377 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 9446000 | 4229832 | 44.77 | 1889200 | 3327826 |

പട്ടിക വർഗ്ഗ ഫണ്ടിൽ 80% ചെലവില്ലാത്തതിനാൽ കുറവ് വരുന്ന തുക അടുത്ത വർഷം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് കുറവ് ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | അലോട്മെന്റ് (₹) | ചെലവ് (₹) | ചെലവ് % | 2025-26 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | 80% ചെലവില്ലാത്തതിനാൽ 2026-27 വർഷം വികസന ഫണ്ടിൽ നിന്ന് കറവ് ചെയ്യുന്നതുമായ തുക (₹) |
|---|---|---|---|---|---|
| പട്ടിക വർഗ്ഗ വിഭാഗം | 14292000 | 7849839 | 54.92 | 2858400 | 3584434 |

ആകെ നഷ്ടം ആകുന്ന തുക = 13544377+3327826+3584434 = ₹20456637/- സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് പൂർണ്ണമായും തൻവർഷം ചെലവഴിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2024-2025 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 214 | 238006031 | 124 | 90922277 | 90 | 57.94 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 34967442 | 15941630 | 45.58 |
| | പട്ടിക ജാതി വിഭാഗം | 81510410 | 32578927 | 39.96 |
| | പട്ടിക വർഗ്ഗ വിഭാഗം | 18641202 | 7849839 | 42.11 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 30387613 | 11805086 | 38.84 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 4373625 | 560366 | 12.81 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 980000 | 0 | 0 |
| തനത് ഫണ്ട് | | 6474872 | 2284740 | 35.28 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 21883471 | 1026000 | 4.68 |
| ബ്ലോക്ക് പഞ്ചായത്ത് | | 0 | 0 | 0 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 7364944 | 1122000 | 15.23 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 10849333 | 4229832 | 38.98 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 0 | 0 |

| | | | |
|---|---|---|---|
| മറ്റിനം | 2699119 | 0 | 0 |
| ആകെ | 238006031 | 90922277 | 38.20 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 8 | 3 | 296000 | 576784 | 19.49 |
| സെക്രട്ടറി | 54 | 24 | 111056838 | 36735443 | 33.08 |
| പട്ടികവർഗ്ഗ വികസന ഓഫീസർ | 3 | 1 | 3940000 | 70000 | 1.78 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 15 | 13 | 14060440 | 7987876 | 56.81 |
| പട്ടികജാതി വികസന ഓഫീസർ | 7 | 1 | 6437900 | 79698 | 1.24 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 4 | 2 | 842500 | 362887 | 43.07 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 5323238 | 2667798 | 50.12 |
| വ്യവസായ വികസന ഓഫീസർ | 2 | 0 | 3750000 | 0 | 0 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 4 | 1325877 | 757116 | 57.10 |
| അസി.എഞ്ചിനീയർ | 114 | 74 | 88309238 | 41684675 | 47.20 |
| ആകെ | 214 | 124 | 238006031 | 90922277 | 38.20 |

## 1-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക്പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

ക്ഷേമ പെൻഷൻ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും ചെലവഴിച്ചിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.09.2025-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ₹2,214/- (രണ്ടായിരത്തി ഇരുനൂറ്റിപതിനാല് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്ഷൻ സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഓർഡർ പ്രകാരം നിലവിൽ ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൃത്യമായി കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകളുടെ നിർവഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-8-1 മുൻകൂർ രജിസ്റ്റർ**

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-2 സ്റ്റോക്ക് രജിസ്റ്റർ**

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്റ്റോക്കുകളുടെ സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-8-3 സ്യൂട്ട് രജിസ്റ്റർ**

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

**1-8-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ**

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

### 1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. രജിസ്റ്ററുകൾ എല്ലാം കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-9 വാടകയിനത്തിൽ ഭീമമായ തുക ഈടാക്കാൻ അവശേഷിക്കുന്നു.

I) 2024-2025 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷം ₹4,96,652/- യും കുടിശികയിനത്തിൽ ₹29,51,562/- യും ഈടാക്കാൻ അവശേഷിക്കുന്നു. ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

വാടക സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിലുള്ള വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-2025 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളിലെ കടമുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) കെട്ടിടം : 30 റൂം ലെയിൻ, ടെംപിൾ റോഡ്, മൂന്നാർ.

| ക്രമ നം | കെട്ടിട നമ്പർ/ ഷോപ്പ് നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക ₹ | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | X/723 3/30 | ശ്രീമതി. സരസ്വതി വേലായുധൻ | 1865 | 04/2024 മുതൽ 3/2025 വരെ | 22380 | 2021 മാർച്ച് മാസം മുതൽ കുടിശിക |
| 2 | X/722 4/30 | ശ്രീമതി. രേണുക ദേവി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 3 | X/720 6/30 | ശ്രീമതി. സെൽവറാണി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 4 | X/717 9/30 | ശ്രീമതി. സരസ്വതി സുന്ദരപാണ്ടി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 5 | X/714 12/30 | ശ്രീമതി. ചടച്ചിയമ്മാൾ | 1865 | 04/2024 മുതൽ 3/2025വരെ | 22380 | 2020 ഏപ്രിൽ മാസം മുതൽ കുടിശിക |
| 6 | X/712 14/30 | ശ്രീമതി. പാർവതിയമ്മാൾ | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 7 | X/711 15/30 | ശ്രീമതി. പാക്കിയലക്ഷ്മി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 8 | X/710 16/30 | ശ്രീമതി. കലൈമണി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |

| | | | | | | |
|---|---|---|---|---|---|---|
| 9 | X/708 18/30 | ശ്രീമതി. കിസർബാനു | 1865 | 07/2024 മുതൽ 3/2025വരെ | 16785 | |
| 10 | X/705 21/30 | ശ്രീമതി മുരുകേശ്വരി പളനി | 1865 | 08/2024 മുതൽ 3/2025വരെ | 14920 | |
| 11 | X/704 22/30 | ശ്രീമതി മേരി റോസ് | 1865 | 3/2025 | 1865 | |
| 12 | X/703 23/30 | ശ്രീമതി. ജ്ഞാനമ്മാൾ | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 13 | X/700 26/30 | മൊയ്തീൻ | 1865 | 01/2025 മുതൽ 3/2025വരെ | 5595 | |
| 14 | X/699 27/30 | ശ്രീമതി. ചിന്നത്തായി | 1865 | 04/2024 മുതൽ 3/2025വരെ | 22380 | |
| 15 | X/698 28/30 | ശ്രീ.വെള്ളൈപളനി സ്വാമി | 1865 | 07/2024 മുതൽ 3/2025വരെ | 16785 | |
| 16 | X/697 29/30 | ആരോഗ്യമേരി | 1865 | 04/2024 മുതൽ 3/2025വരെ | 10656 | |
| ആകെ | | | | | 290406 | |

ബി)കെട്ടിടം :07 റൂംസ് ബിൽഡിംഗ്, ജി.എച്ച് റോഡ് മൂന്നാർ.

| ക്രമ നം | കെട്ടിട നമ്പർ/ ഷോപ്പ് നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശിക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Xix/505 2/07 | ശ്രീമതി. ശിവകാമി സുന്ദരി | 1945 | 05/2024 മുതൽ 3/2025വരെ | 21395 | |
| 2. | – 05/07 | സെക്രട്ടറി ഹൈറേഞ്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1945 | 04/2024 മുതൽ 3/2025വരെ | 23340 | |
| 3 | – 6/07 | ശ്രീ. ചന്ദ്രശേഖർ | 1945 | 04/2024 മുതൽ 3/2025വരെ | 23340 | 2020 ഓഗസ്റ്റ് മുതൽ കുടിശിക |
| | | | | | 68075 | |

സി)കെട്ടിടം :04 റൂംസ് Near മാരിക്കർ പമ്പ്, മൂന്നാർ.

| ക്രമ നം | കെട്ടിട നമ്പർ/ ഷോപ്പ് നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശിക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | – 1&2/ 04 | സെക്രട്ടറി ഹൈറേഞ്ച് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 6152 | 3/2025 | 6152 | |
| | | ആകെ | | | 6152 | |

ഡി)കെട്ടിടം :04 റൂംസ് Near ബ്ലോക്ക് ഓഫീസ്, ദേവികുളം

| ക്രമ നം | കെട്ടിട നമ്പർ/ ഷോപ്പ് നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശിക ₹ | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | Xii/20 1/04 | ശ്രീമതി. അഞ്ജന ബാലാജി | 1930 | 02/2025 മുതൽ 3/2025വരെ | 3860 | |
| | Xii/22 3/04 | ശ്രീ.ജയശീലൻ | 1852 | 11/2024 മുതൽ 3/2025വരെ | 9260 | |
| | | ആകെ | | | 13120 | |

വാടകക്കാരിൽ നിന്നും മുൻവർഷങ്ങളിലേതുൾപ്പെടെ വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.7/10.09.2025)മറുപടി ലഭ്യമാക്കിയില്ല.

14/30 കടയുടമ (പാർവതിയമ്മാൾ), 16/30 കടയുടമ (കലൈമണി) എന്നിവർ യഥാക്രമം 313020/-, 328719/- വാടക കുടിശിക വരുത്തിയിട്ടുള്ളതായി ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും മനസിലാക്കുന്നു. മുൻവർഷങ്ങളിലുൾപ്പെടെ ഗണ്യമായ തുക വാടകയിനത്തിൽ കുടിശികയുണ്ടാകാനുണ്ടായ സാഹചര്യവും കുടിശിക വരുത്തിയവർക്ക് തന്നെ തുടർന്നും മുറികൾ വാടകയ്ക്ക് നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയതിനും മറുപടി ലഭ്യമാക്കിയില്ല.

ഗണ്യമായ തുക കുടിശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കെ കുടിശിക വരുത്തിയവർക്ക് തന്നെ തുടർന്നും കടമുറികൾ നൽകിയത് അംഗീകരിക്കത്തക്കതല്ല. ടി വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

**മറ്റ് അപാകങ്ങൾ**

എ) വാടകക്കാരുമായി പഞ്ചായത്ത് കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

ബി) വാർഷിക വാർദ്ധനവ് ഇല്ലാതെ ഒരേ വ്യക്തിക്ക് തന്നെ തുടർന്നും കടമുറി വാടകയ്ക്ക് നല്കുന്നു.

സി) വാർഷികധനകാര്യപത്രിക പ്രകാരം തൻവർഷം ₹4,96,652/- കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടകയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരം കുടിശ്ശിക ₹3,77,753/- ആണ്.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വാടക ഈടാക്കാത്ത പക്ഷം ഉത്തരവാദികളായവരുടെ പേരിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

**1-10 വനിതാ വികസന കേന്ദ്രം- റവന്യൂ റിക്കവറി - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിതാ വികസന കേന്ദ്രം (ബിൽഡിംഗ് നമ്പർ 24/XII) വാടകയ്ക്ക് നൽകിയിരുന്ന പളനിയമ്മ ഫാക്ടറി ഡിവിഷൻ കല്ലാർ എസ്റ്റേറ്റ് മൂന്നാർ എന്ന വ്യക്തി 23/06/2020 തീയതി വരെ ₹6,66,963/- കുടിശ്ശിക വരുത്തിയതിനാൽ ടിയാന്റെ മേൽ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തിരുന്നു. എന്നാൽ നാളിതുവരെയുള്ള കുടിശ്ശികതുക പിഴ സഹിതം അടച്ച

തീർത്തു കൊള്ളമെന്ന് ഭരണസമിതിക്ക് ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയുള്ള പിഴ ഉൾപ്പെടെയുള്ള വാടക തുക ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നതിന് മേൽ വ്യക്തിക്ക് അനുമതി നൽകി യോഗം തീരുമാനിച്ചിരുന്നു.(തീരുമാനം നം.4 തീയതി 18.03.2025). വാടക തുക പിഴ സഹിതം ലഭ്യമായതിന് ശേഷം മാത്രം മേൽ വ്യക്തിക്ക് വനിതാ വികസന കേന്ദ്രം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് തുടർ തീരുമാനങ്ങൾ എടുക്കുന്നതിന് യോഗം നിശ്ചയിച്ച തീരുമാനിച്ചിട്ടുമുള്ളതാണ്. വാടക കുടിശിക ഈടാക്കിയതിന്റെയും വനിതാ വികസന കേന്ദ്രം നിലവിൽ ഈ വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോയെന്നറിയുന്നതിനും ഇല്ലായെങ്കിൽ ടിയാനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/10.09.2025) മറുപടി ലഭ്യമാക്കിയില്ല. വാടകയ്ക്ക് നൽകിയ വ്യക്തി മരണപ്പെട്ടെന്നും ഇയാളുടെ മകൻ കുടിശിക തീർത്തുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും എക്സിറ്റ് മീറ്റിംഗ് വേളയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കുശേഷം പൊതുലേലം നടത്തി വനിതാ വികസന കേന്ദ്രം വാടകയ്ക്ക് നൽകുന്നതിനൊപ്പം കുടിശിക തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്.

## 1-11 കേരളോത്സവം 2024 - ചെലവ് രേഖകൾ ലഭ്യമല്ല

2024-25 സാമ്പത്തിക വർഷത്തെ ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 2024 വർഷത്തെ കേരളോത്സവവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 57064836584) നിന്നും തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം | ചെക്ക് നം. & തീയതി | തുക |
|---|---|---|
| 1 | 334521, 07.12.2024 | 30,000 |
| 2 | 334522, 10.12.2024 | 40,000 |
| 3 | 334524, 13.12.2024 | 30,000 |
| 4 | 334525, 13.12.2024 | 28,000 |
| 5 | 334532, 24.12.2024 | 8,000 |
| 6 | 334533, 24.12.2024 | 5,400 |
| 7 | 334535, 27.12.2024 | 84,950 |
| ആകെ | | 2,26,350 |

2024 വർഷത്തെ കേരളോത്സവവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകങ്ങൾക്ക് മറുപടി

ലഭ്യമാക്കേണ്ടതാണ്.

1) കേരളോത്സവവുമായി ബന്ധപ്പെട്ട് മുകളിൽ പറഞ്ഞ പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ ബാങ്ക് അക്കൌണ്ടിൽ നിന്ന് തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വൌച്ചറുകളോ ബില്ലുകളോ മറ്റു രേഖകളോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) 11.11.2024 തീയതിയിലെ തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പിന്റെ സ.ഉ (സാധാ) നം 2151/2024/LSGD ഉത്തരവ് പ്രകാരം കേരളോത്സവത്തിനായി ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കാവുന്ന പരമാവധി തുക ₹1,50,000/- ആണെന്നിരിക്കെ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ₹2,26,350/- കേരളോത്സവത്തിനായി ചെലവഴിച്ചിട്ടുണ്ട്. ₹76,350/- അധികമായി ചെലവഴിച്ചു.

3) പ്രോജക്ട് വെക്കാതെ തനത് ഫണ്ടിൽ നിന്ന് നേരിട്ടാണ് കേരളോത്സവത്തിന് തുക ചെലവഴിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.11/11.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കേരളോത്സവത്തിനായി 2024-25ൽ ചെലവഴിച്ച തുക ₹2,26,350/-തടസ്സപ്പെടുത്തുന്നു.

### 1-12 കമ്മിറ്റി അംഗീകാരമില്ലാതെ വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവർക്ക് യാത്രാബത്ത അനുവദിച്ചു

| **വൌച്ചർ നം, തീയതി** | **ചെക്ക് നം., തീയതി** | **തുക** |
|---|---|---|
| 22400264, 07.08.2024 | 6929373, 06.08.24 | 6,090 |
| 22400265, 07.08.2024 | | 4,108 |
| 22400266, 07.08.2024 | | 660 |
| **ആകെ തുക** | | **10,858** |

വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ 05/2024 മുതൽ 07/2024 വരെയുള്ള യാത്രാബത്ത ഇനത്തിൽ 10,858/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| **ക്രമ നം.** | **പേര്** | **നൽകിയ യാത്രാബത്ത** |
|---|---|---|
| 1 | എൻ ആർ ജയൻ | 660 |
| 2 | പ്രവീൺ ജോസ് | 1204 |
| 3 | അൽഫോൺസ | 984 |
| 4 | മീന | 1920 |
| 5 | വിജയ് സി | 1400 |
| 6 | സുഗന്യ എസ് | 1872 |
| 7 | ബോണി ബോസ് ജോൺ | 560 |
| 8 | ജിഷാ ദിലീപ് | 132 |
| 9 | ജാക്വലിൻ മേരി | 288 |
| 10 | ലൂയിസാമ്മ | 256 |
| 11 | ജയലക്ഷ്മി പി | 700 |
| 12 | അനഥ റാണി ദാസ് | 882 |
| **ആകെ** | | **10,858** |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കാതെയാണ് മേൽപ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 20/11.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും കമ്മിറ്റി അംഗീകാരം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-13 ദേവികുളം സി.എച്ച് സിയിലേക്ക് മരുന്ന്, ഉപകരണങ്ങൾ, ലാബ് അനുബന്ധ സാമഗ്രികൾ വാങ്ങൽ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നം. | 27/24-25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ദേവികുളം ബ്ലോക്ക് പഞ്ചായത്ത് |
| അടങ്കൽ | 10,00,000 മെയിന്റനൻസ് ഫണ്ട് - റോഡിതരം |
| ചെലവ് | ₹908069/- |
| ബിൽ നം./തീയതി/തുക | 1)24100363010400323789/26.06.2024/14380/-<br>2)24100363010400323786/26.06.2024/11796/-<br>3)24100363010400433041/20.07.2024/36154/-<br>4)24100363010400454250/25.07.2024/99539/-<br>5)24100363010400471716/29.07.2024/59691/-<br>6)24100363010400751409/07.10.2024/710/-<br>7)24100363010400751408/07.10.2024/86713/-<br>8)24100363010401116426/01.01.2025/69384/-<br>9)24100363010401246201/29.01.2025/24864/-<br>10)24100363010401246207/29.01.2025/62500/-<br>11)24100363010401511557/12.03.2025/53568/-<br>12)2410036301040165329/23.03.2025/99989/-<br>13)24100363010401717630/23.03.2025/25416/-<br>14)24100363010401717665/26.03.2025/38350/-<br>15)24100363010401717672/26.03.2025/225015/- |

ദേവികുളം സി.എച്ച് സിയിലേക്ക് മരുന്ന്, ഉപകരണങ്ങൾ, ലാബ് അനുബന്ധ സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിയിൽ മേൽ പട്ടികയിലെ ബില്ലുകൾ പ്രകാരം ആകെ ₹9,0,8069/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ചുവടെ പരാമർശിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**I. ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തിയിരിക്കുന്നു.**

ദേവികുളം മെഡിക്കൽ ഓഫീസറുടെ 26.03.2025 ലെ 145/2025 നമ്പർ നടപടിക്രമം പ്രകാരം സി.എച്ച്.സി.യിലെ ഫാർമസിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ Double Lock Steel Alamarah & Ladder With Step എന്നീ ഉപകരണങ്ങൾ വാങ്ങിയ വകയിൽ AASTHA BIOMEDICALS AND SURGICALS , Library Road, Adimaly എന്ന സ്ഥാപനത്തിന് ഈ പ്രോജക്ടിൽ നിന്നും ക്രമ നം. 14 ലെ ബിൽ പ്രകാരം ₹38,350/- ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേയ്സ് മാന്വൽപ്രകാരം എസ്റ്റിമേറ്റ് തുക ₹15,000/-ക്ക് മുകളിലും ₹1,00,000/- വരെ മൂല്യമുള്ളതുമായ സ്റ്റോറുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. മത്സരസ്വഭാവമുള്ള കുറഞ്ഞത് 3 ക്വട്ടേഷനുകൾ എങ്കിലും ലഭ്യമാക്കി വേണം വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത വാങ്ങലിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.21/11.09.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

II .സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-യഥാസമയം മരുന്ന് ലഭ്യമാകുന്നില്ല

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത പ്രധാൻമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രം, വൈറ്റില പി.ഒ,, എറണാകുളം-ന് ₹53568/-, ₹99989/- (അക്കൗണ്ട് നം. 4355002100002620) ക്രമ നം.11, 12 ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ മരുന്ന് വാങ്ങലിനായി ചെലവഴിച്ച ₹1,53,557/- തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-14 വയോജനങ്ങൾക്ക് ബി.പി.അപ്പാരറ്റസ് വാങ്ങൽ- ബി.പി.അപ്പാരറ്റസ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 242/24-25, വയോജനങ്ങൾക്ക് ബി.പി.അപ്പാരറ്റസ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., മറയൂർ |
| അടങ്കൽ | 4,50,000, വികസനഫണ്ട് (ജനറൽ) |
| ബിൽ നം./തീയതി/തുക | 24100363010501599954/20.03.2025/ ₹4,49,327/- |

മേൽ പദ്ധതി പ്രകാരം മറയൂർ സി.എച്ച്.സി. പരിധിയിലുള്ള വയോജനങ്ങൾക്ക് ബി.പി.അപ്പാരറ്റസ് വാങ്ങുന്നതിന്, 30.03.2013 ലെ തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പിന്റെ സ.ഉ.(സാധാ)നം.876/2013/ ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവീസസ് കോർപറേഷൻ ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയ്സ് പ്രകാരം ₹4,49,327/- മേൽ ബിൽ പ്രകാരം മാറി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം- ന് നൽകിയിരുന്നെങ്കിലും ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ബി.പി.അപ്പാരറ്റസ് എത്രയും വേഗം ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്ത് വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.ബി.പി.അപ്പാരറ്റസ് വിതരണം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ടിയിനത്തിൽ ചെലവഴിച്ച ₹4,49,327/- തടസ്സപ്പെടുത്തുന്നു.

1-15 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തടസ്സം ₹9407000/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പരാമർശിക്കുന്ന വിവിധ പദ്ധതികളുടെ

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ ക്രമ നം. 2- ന്റെ ഔദ്യോഗിക കൈപ്പറ്റ് രസീതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | ഉപയോഗം | അടങ്കൽ ₹ | ബിൽനം & തീയതി | അടവാക്കിയ സ്ഥാപനം | തുക ₹ |
|---|---|---|---|---|---|---|
| 1 | 327/2025 വൃത്തി – ദി ക്ലീൻ കേരളാ കോൺക്ലേവ് | മാലിന്യ സംസ്കരണം | 200000 (പൊതു വിഭാഗം) | 24100363010101638508 തീ 22.03.2025 | സംസ്ഥാന ശുചിത്വ മിഷൻ, തിരുവനന്തപുരം | 200000 |
| 2 | 13/2025 ഐ.കെ.എം വിഹിതം നൽകൽ | പ്രവർത്തന ഫണ്ട് | 100000 (പൊതു വിഭാഗം) | 24100363010100332558 തീ. 27.06.2024 | എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം തിരുവനന്തപുരം | 100000 |
| 3 | 321/25 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ ഫണ്ട് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ ഫണ്ട് | 2851463 (പൊതു വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 378 തീ 30.03.2025 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | 700000 |
| 4 | 10/2025 അതി ദരിദ്യരക്ക് വേണ്ടിയുള്ള പദ്ധതികൾക്ക ബ്ലോക്ക് വിഹിതം | വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | 160000 (പൊതു വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 376 തീ 30.03.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 160000 |
| 5 | 29/2025 ലൈഫ് മിഷൻ ഗ്രാമ പഞ്ചായത്തു കൾക്ക് വിഹിതം നൽകൽ (പൊതുവിഭാഗം) | വിവിധ ഗ്രാമ പഞ്ചായത്തു കളിൽ ലൈഫ് ഭവന നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ | 3312100 (പൊതു വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 377 തീ 30.03.2025 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | 80000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 375 തീ 30.03.2025 | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 480000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 368 തീ 30.03.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 200000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 372 തീ 30.03.2025 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | 480000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 372 തീ 30.03.2025 | ശാന്തൻപാറ ഗ്രാമ പഞ്ചായത്ത് | 150000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 372 തീ 30.03.2025 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | 480000 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 47/2025 ലൈഫ് മിഷൻ ഗ്രാമ പഞ്ചായത്തു കൾക്ക് വിഹിതം നൽകൽ (പട്ടിക ജാതി വിഭാഗം) | വിവിധ ഗ്രാമ പഞ്ചായത്തു കളിൽ ലൈഫ് ഭവന നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ | 2583028 (പട്ടിക ജാതി വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 367 തീ 30.03.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 150000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 369 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 320000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 150 തീ 29.01.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 320000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 370 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 447000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 366 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 1980000 |
| 7 | 49/2025 ലൈഫ് മിഷൻ ഗ്രാമ പഞ്ചായത്തു കൾക്ക് വിഹിതം നൽകൽ (പട്ടിക വർഗ്ഗ വിഭാഗം) | വിവിധ ഗ്രാമ പഞ്ചായത്തു കളിൽ ലൈഫ് ഭവന നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ | 6000000 (പട്ടിക വർഗ്ഗ വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 371 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 190000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 364 തീ 30.03.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 450000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 367 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 80000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 362 തീ 30.03.2025 | കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | 820000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 153 തീ 29.01.2025 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 590000 |
| | | | | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 152 | മാങ്കുളം ഗ്രാമ പഞ്ചായത്ത് | 580000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | തീ 29.01.2025 | | |
| 8 | 320/2025 വീട് മെയിന്റനൻസ് ഗ്രാമ പഞ്ചായത്തു കൾക്ക് വിഹിതം നൽകൽ (പൊതു വിഭാഗം) | വിവിധ ഗ്രാമ പഞ്ചായ ത്തു കളിൽ വീട് പുനരുദ്ധാ രണം | 500000 (പൊതു വിഭാഗം) | സംയുക്ത പദ്ധതി റിക്വിസിഷൻ ബിൽ നം 315 തീ 24.03.2025 | ചിന്നക്കനാൽ ഗ്രാമ പഞ്ചായത്ത് | 450000 |
| | | | ആകെ | | | 9407000 |

വിനിയോഗസാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ₹9407000/- യുടെ ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ഇക്കാനഗർ കുളം പൂർത്തികരണം-പദ്ധതി പ്രയോജനപ്രദമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. മണികണ്ഠൻ സി |
| കരാർ നം. | 60/AE/LSGD/DKM/23-24 /16-03-2024 |
| ഫയൽ നം | 48678/2023 |
| പദ്ധതി | 207/25 ഇക്കാനഗർ കുളം പൂർത്തികരണം |
| അടങ്കൽ | ₹418000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ തുക,തീയതി | XVFC/2024-25/P/75 ₹3,32,596/-12.03.2025 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഇക്കാനഗറിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് കുളം നവീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി മേൽ സൂചിത ബിൽ പ്രകാരം ₹3,32,596/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ദേവികുളം ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ 10.09.2025 തീയതിയിൽ നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മലിനജലം നിറഞ്ഞ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കുളത്തിലാണ് ഗേറ്റ് ഉൾപ്പെടെയുള്ള ചുറ്റുമതിൽ പണിയുന്നതിനായി തുക ചെലവഴിച്ചിരിക്കുന്നത്.

2. കുളത്തിൽ നിന്നും വീടുകളിലേയ്ക്കുള്ള കുടിവെള്ള വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള സൗകര്യം കുളത്തിൽ ലഭ്യമല്ല.

3. മലിനജലം നിറഞ്ഞ ഉപയോഗശൂന്യമായ കുളത്തിൽ ചുറ്റുമതിൽ മാത്രം പണിയുന്നതിൽ പദ്ധതി

അവസാനിച്ചു. തുടർന്നുള്ള വർഷങ്ങളിൽ കുടിവെള്ള സംവിധാനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

4. ഈ പദ്ധതി മൂലം പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ച്ചെലവായി പരിണമിച്ചിരിക്കുന്നു.

പഞ്ചായത്തിന് ലഭിക്കുന്ന സർക്കാർ ധനസഹായം ക്രിയാത്മകല്ലാതെ ഏതു വിധവും ചെലവഴിക്കുക എന്നുള്ള മനോഭാവത്തിന് മകുടോദാഹരണമാണ് ഈ പദ്ധതി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി.12.09.2025) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവാക്കിയ തുക ₹3,32,596/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 ഡ്രൈനേജ് നിർമ്മാണം-ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചു നഷ്ടം ₹36574 /-**

ദേവികുളം ഗ്രാമപഞ്ചായത്തിൽ 2024-2025 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന ഡ്രൈനേജ് പ്രവർത്തി ദേവികുളം ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ നിർവ്വഹണ ഉദ്യോസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 10.09.2025 തീയതിയിൽ നേരിട്ട് പരിശോധിച്ചതിൽ അളവ് ബുക്ക് പ്രകാരം ഡ്രൈനേജ് ബെഡ്ഡിന് മുകളിൽ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്ന പ്രൈസ് സ്പെസിഫിക്കേഷൻ 75.8.1.1.A പ്രകാരമുള്ള 1:2:4 വിയറിംഗ് കോട്ട് കോൺക്രീറ്റിംഗ് എന്ന ഇനം ചെയ്തിട്ടില്ലായെന്ന് ബോദ്ധ്യമായി.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി/പദ്ധതി നമ്പർ | അളവ് എം$^3$ | നൽകിയ തുക (₹) (18% GST ഉൾപ്പെടെ) |
|---|---|---|---|
| 1 | നൃകോളനി ഡ്രൈനേജ് – ദേവികുളം (210/2024-2025)<br>അടങ്കൽ: ₹6,18,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ഫയൽ നമ്പർ : LSGD/CELSGD /EST/TS /58834/2023<br>കരാറുകാരൻ: ശ്രീ.ജോസ് വർഗ്ഗീസ് | 4.200 M3 | 30994.87 @7379.73/M3<br>18% GST 5579.07<br>36573.94<br>= 36574 |

| | | | |
|---|---|---|---|
| | മാത്യു<br>കരാർ നം: 15/AE/LSGD /DKM/23-24 /13-10-2023<br>അളവ് പുസ്തകം: E- M Book<br>ചെലവ്: ₹5,75,809/-<br>വൗച്ചർ നം: / 21-10-2024<br>ഇനം നമ്പർ-4<br>കോസ്റ്റ് ഇൻഡക്സ്-39.83 % | | |

ചെയ്യാത്ത ഇനം പ്രവൃത്തി അളവ് ബുക്കിൽ രേഖപ്പെടുത്തി ₹36,574 /- അധികം അനുവദിച്ചിരിക്കുന്നു. ക്രമവിരുദ്ധമായി അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീയതി.12.09.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് തുക ഈടാക്കാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

**1-18 കുടിവെള്ള പദ്ധതികൾ മതിയായ നടപടി ക്രമങ്ങൾ പാലിക്കാതെ ഏറ്റെടുത്ത് നടപ്പാക്കുന്നു.**

**നിർവ്വഹണം - അസി. എഞ്ചിനീയർ.**

കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്താമെന്ന പൊതുനിർദ്ദേശത്തിലെ നിബന്ധനകൾ പൂർണ്ണമായി പാലിക്കാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി എന്നു കാണുന്നു. കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പ്, അറ്റകുറ്റപ്പണിയുടെ ചുമതല എന്നിവ ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ. എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിക്കാതെയാണ് തൻവർഷം 11 കുടിവെള്ള പദ്ധതികൾ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കിയിരിക്കുന്നത്.

പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതി |
|---|---|
| 1 | ദേവികുളം ഗ്രാമപഞ്ചായത്ത്-പുതുക്കടി കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.-294/2024-25 ,<br>ഫണ്ട്-(വികസന ഫണ്ട് -എസ്.സി.പി)<br>അടങ്കൽ-₹750000/- ചെലവ് - ₹697896/- |
| 2 | മറയൂർ ഗ്രാമപഞ്ചായത്ത്-നാച്ചിവയൽ കുടിവെള്ളപദ്ധതി.<br>പ്രോജക്റ്റ് നം. – 278/2024-25<br>ഫണ്ട് –(വികസന ഫണ്ട് -എസ്.സി.പി)<br>അടങ്കൽ-₹10,00,000/-ചെലവ് - ₹796152/- |
| 3 | ശാന്തൻപാറ ഗ്രാമപഞ്ചായത്ത്-കാവുംഭാഗം കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം. –250/2024-25<br>ഫണ്ട് -(വികസന ഫണ്ട് )<br>അടങ്കൽ-₹500000/-ചെലവ് - ₹467357/- |
| 4 | ദേവികുളം ഗ്രാമപഞ്ചായത്ത്-മാനില ഡിവിഷൻ കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.- 174/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹202357/-ചെലവ് - ₹201489/- |
| 5 | കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്-കരിശനാട്-ദണ്ട്കൊമ്പ് കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.- 173/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹470098/-ചെലവ് - ₹253875/- |
| 6 | മൂന്നാർ ഗ്രാമപഞ്ചായത്ത്-ഇക്കാനഗർ കുളം പൂർത്തികരണം.<br>പ്രോജക്റ്റ് നം.- 207/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹418000/-ചെലവ് - ₹332596/- |
| 7 | മാങ്കുളം ഗ്രാമപഞ്ചായത്ത്-ഭഗവതിക്കുന്ന് കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.- 257/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹500000/-ചെലവ് - ₹488990/- |
| 8 | ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്-ബി.എൽ.റാം കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.- 201/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹695582/-ചെലവ് - ₹531873/- |
| 9 | മൂന്നാർ ഗ്രാമപഞ്ചായത്ത്-ചട്ടമൂന്നാർ ഡിവിഷൻ കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.-111/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹1500000/-ചെലവ് - ₹884078/- |
| 10 | മൂന്നാർ ഗ്രാമപഞ്ചായത്ത്-പുതുക്കാട് കുടിവെള്ള പദ്ധതി. |

| | |
|---|---|
| | പ്രോജക്റ്റ് നം.-205/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹500000/-ചെലവ് - ₹493327/- |
| | ദേവികുളം ഗ്രാമപഞ്ചായത്ത്-കുണ്ടല ഈസ്റ്റ് കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.-256/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹750000/-ചെലവ് - ₹705088/- |
| 11 | ദേവികുളം ഗ്രാമപഞ്ചായത്ത്-ലാക്കാട് കുടിവെള്ള പദ്ധതി.<br>പ്രോജക്റ്റ് നം.-21/2024-25<br>ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ-₹600000/-ചെലവ് - ₹500645/- |

നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ച് മാത്രം കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ഏയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം അപാകങ്ങൾ - ₹5,76,409/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

1.

| | |
|---|---|
| പദ്ധതി നം. | 98/2024-25<br>മറയൂർ പഞ്ചായത്തിലെ വിവിധ പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണം |
| കരാർ നം. | 19/AE/LSGD/DKM/24-25/29-01-2025 |
| കരാറുകാരൻ | ഇ.ബി. പ്രസന്നൻ |
| അടങ്കൽ/ ഫണ്ട്<br>ആകെ | (₹300000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>₹600000/-(ശുചിത്വമിഷൻ ഫണ്ട്))<br>₹900000/- |
| ചെലവ്/ വൗച്ചർ നം./തീയതി/തുക | XVFC/2024-25/P/64 /23.03.2025/₹3,00,000/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നം | 105058/2024 |
| അളവ് പുസ്തകം | E- M Book |

2.

| | |
|---|---|
| പദ്ധതി നം. | 71/2024-25<br>കാന്തല്ലൂർ പഞ്ചായത്തിലെ വിവിധ പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണം |
| കരാർ നം. | 33/AE/LSGD/DKM/24-25/13-02-2025 |
| കരാറുകാരൻ | ശ്രീ.രാഹുൽ കോഷി |
| അടങ്കൽ/ ഫണ്ട് | ₹336500/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| ആകെ | ₹900000/-(ശുചിത്വമിഷൻ ഫണ്ട്)<br>₹12,36,500/- |
| ചെലവ്/ വൗച്ചർ നം./തീയതി/തുക | XVFC/2024-25/P/64/21.03.2025/₹276409/-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നം | 30164/2024 |
| അളവ് പുസ്തകം | E- M Book |

മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തുകളിൽ വിവിധ പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളാണിത്. പദ്ധതികൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിൽ എയിഡഡ് സ്കൂളായ സെന്റ് മേരിസ് യു.പി സ്കൂളിലും, കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ എയിഡഡ് സ്കൂളായ സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലും ടോയ്‌ലറ്റ് നിർമ്മിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി.എ1/256/2024 തീയതി 20.07.2024 പ്രകാരമുള്ള ഉത്തരവിൽ **ശുചിത്വ മിഷന്റെ SBM ഫണ്ട്** ഉപയോഗിച്ച് തീർത്ഥാടന കേന്ദ്രങ്ങൾ, എം.സി.എഫ്, എയിഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽ ശുചിമുറികൾ നിർമ്മിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽസൂചിത രണ്ട് പ്രോജക്റ്റുകൾക്കും ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ആയത് ചെലവഴിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത്.

2. വിവിധ പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണെങ്കിലും എയിഡഡ് സ്കൂളുകളിലാണ് നിലവിൽ ശുചിമുറികൾ നിർമ്മിച്ചിരിക്കുന്നത്.

3. പ്രസ്തുത രണ്ട് പ്രവൃത്തികൾ പ്രകാരമുള്ള ടോയ്‌ലറ്റ് നിർമ്മാണവും നാളിതുവരെ പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി.12.09.2025) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ ഈ പദ്ധതികൾക്കായി ചെലവാക്കിയ തുക ₹5,76,409/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-20 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകുന്നു.**

1997 - ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്. കൂടാതെ 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12 /ത.സ്വ.ഭ.വ. -ഉത്തരവ് പ്രകാരം, പുതുക്കിയ PWD മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ

എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായിട്ടുണ്ട്.

10.09.2015 – ലെ ജി.ഒ.(ആർ.ടി)നം.1339/2015/പി.ഡബ്ല്യു.ഡി-ഉത്തരവ് പ്രകാരം പി.ഡബ്ല്യു.ഡി. ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ **PWD** മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014 – ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15 ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC Testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിവരം | അടങ്കൽ തുക (₹) | ചെലവ് (₹) |
|---|---|---|---|
| 1 | വട്ടവട ചെങ്ങോട് പാലം നിർമ്മാണം (171/24-25) | 16,50,000 | 14,59,350 |
| 2 | കൂടവയൽ നാഗർപള്ളം പാലം നിർമ്മാണം (187/24-25) | 17,03,509 | 2,06,482 |
| 3 | കല്ലാർ-നല്ലതണ്ണി റോഡ് റീടാറിംഗ് (181/24-25) | 15,93,100 | 15,92,928 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് / അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/12.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-21 ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി**

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രവൃത്തിക്ക് ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെയുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് മണ്ണ് എടുത്ത് മാറ്റിയ അതേ നീളത്തിലും വീതിയിലും തന്നെയാണ് പ്രവൃത്തികളിൽ ബെഡ് കോൺക്രീറ്റ് നടത്തിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. അതിനാൽത്തന്നെ ഇത്തരം പ്രവൃത്തികൾക്ക് ഫോം വർക്ക് ചെയ്യേണ്ടി വരുന്നില്ല.

പ്രവൃത്തിക്ക് MORD 2018 SOR, 39.83% കോസ്റ്റ് ഇൻഡക്സ് പ്രകാരം അനുവദിച്ചതും അനുവദിക്കാവുന്നതുമായ നിരക്ക് താഴെ നൽകുന്നു.

| പ്രവൃത്തി ഇനം-( MORD- 11.4.1.1 ) | എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്₹ (ഫോം വർക്കിനുള്ള 4% നിരക്ക് | അനുവദിക്കാവുന്ന നിരക്ക് ₹ (ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയത്) |
|---|---|---|

| | | |
|---|---|---|
| | ഉൾപ്പെടെ) | |
| Providing Concrete For Plain/Reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802, 803, 1202 & 1203<br>I. P.C.C Grade M 10<br>(I) Nominal Mix 1:3:6 | 8036.52/$M^3$ | 7727.21/$M^3$ |

ബെഡ് കോൺക്രീറ്റ് ചെയ്യുന്നത് മണ്ണെടുക്കുന്ന അതേ വീതിയിൽ തന്നെയായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഫോം വർക്കിനുള്ള തുക ഒഴിവാക്കിയുള്ള ഒബ്സർവ്ഡ് ഡാറ്റയായിരുന്നു ഉൾപ്പെടുത്തേണ്ടിയിരുന്നത്. താഴെ പരാമർശിക്കുന്ന പ്രവൃത്തിയിൽ ഫോം വർക്ക് ആവശ്യമില്ലാത്ത ഇനത്തിന് ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടെ തുക അനുവദിച്ച് നൽകിയത് വഴി അധികച്ചെലവുണ്ടായിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | ആനക്കാൽപ്പെട്ടി കനാൽ നിർമ്മാണം (213/2024-25)<br>അടങ്കൽ: ₹700000/-<br>(വികസന ഫണ്ട് -എസ്.സി.പി)<br>ഫയൽ നമ്പർ : LSGD/CELSGD/EST/64255/2023<br>കരാറുകാരൻ: ശ്രീ.രാഹുൽ കോഷി<br>കരാർ നം: 37/AE/LSGD/DKM/23-24/ 15-11-2023<br>അളവ് പുസ്തകം: E- M Book<br>ചെലവ്: ₹6,97,896/-<br>ബിൽ റഫറൻസ് നം: 24100363010200610161/ 02.09.2024<br>ഇനം നമ്പർ-2, 3 (Exess Qty)<br>കോസ്റ്റ് ഇൻഡക്സ്-39.83 % | 16.148 M3 | 129773.41<br>@8036.50/M3<br>+ 18% GST<br>23359.21<br>=1,53,132.62 | 124778.98<br>@7727.21/M3 | **4994.43**<br>+ 898.99<br>18% GST<br>=5,893.43 |

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16 തീയതി. 12.09.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹5,893/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-22 മരാമത്ത് പ്രവൃത്തികൾ - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നില്ല.**

പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിന് ശേഷം കരാറുകാർക്ക് നൽകുന്ന Letter Of Acceptance ലെ

വ്യവസ്ഥ 6 പ്രകാരം, ചെയ്യുന്ന പ്രവൃത്തിയുടെ മേൽ കരാറുകാരൻ ഇൻഷ്വറൻസ് പരിരക്ഷ എടുക്കേണ്ടതുണ്ട്. ബിഡ് ഡോക്യുമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം ഇൻഷ്വറൻസ് പരിരക്ഷ എടുത്തതിന്റെ രേഖകൾ കരാറുകാരൻ ബന്ധപ്പെട്ട അധികാരികൾക്ക് (എഞ്ചിനീയർക്ക്) സമർപ്പിക്കണം. ഇത് സമർപ്പിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% കരാറുകാരൻ അനുവദിക്കുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട് എന്നാണ് വ്യവസ്ഥ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന് പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രോജക്ട് ഫയലുകളിൽ, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയ രേഖകൾ ഉള്ളടക്കം ചെയ്യുകയോ, സർക്കാർ നിർദേശ പ്രകാരമുള്ള പിഴ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

അപാകത പരാമർശിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 17/12.09.2025) നൽകിയിരുന്നു. ഇൻഷ്വറൻസ് പരിരക്ഷയുടെ സാധ്യത പ്രയോജനപ്പെടുത്താൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കാലിത്തീറ്റ വിതരണം- ഗുണഭോക്തൃ വിഹിതം ഈടാക്കാതെ ക്ഷീര സംഘങ്ങൾക്ക് സബ്സിഡി തുക പണമായി കൈമാറുന്നു

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതിയുടെ പേര്,നമ്പർ | കറവപ്പശുക്കൾക്ക്<br>കാലിത്തീറ്റ വിതരണം, 48/2024-25 |
| അടങ്കൽ<br>തുക ₹ | 5273238<br>2636619-വികസന ഫണ്ട് -ജനറൽ<br>2636619-ഗുണഭോക്തൃ വിഹിതം |
| ചെലവ് ₹<br>ബിൽ നം., തീയതി, തുക₹ | 2636619/-<br>24100363011201246861/29-01-2025/227376<br>24100363011201274676/04-02-2025/1253548<br>24100363011201329292/14-02-2025/495052<br>24100363011201535505/14-03-2025/198919<br>24100363011201582707/18-03-2025/461724 |

ക്ഷീരവികസന ഓഫീസർ നടപ്പാക്കിയ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി പ്രകാരം 100 കിലോ ഗ്രാം കാലിത്തീറ്റയ്ക്ക് ലക്ഷ്മി ക്ഷീരസഹകരണ സംഘം, ലക്കം മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി, ചിന്നക്കനാൽ ആപ്കോസ്, കോവിൽകടവ് ആപ്കോസ്, കാന്തല്ലൂർ മിൽക്ക് കോപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കുന്ന് ക്ഷീരസഹകരണ സംഘം, താളുംകണ്ടം ക്ഷീരസഹകരണ സംഘം, ശാന്തൻപാറ ക്ഷീരസഹകരണ സംഘം, മാങ്കുളം ക്ഷീരസഹകരണ സംഘം എന്നിവയിലെ കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാലിത്തീറ്റ കേരള ഫീഡ്സിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ മാത്രം വാങ്ങി ക്ഷീരസംഘങ്ങൾ വഴിയാണ് വിതരണം ചെയ്യേണ്ടത്. സബ്സിഡി പണമായി നൽകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് കാലിത്തീറ്റ വിലയുടെ 50% സബ്സിഡി അനുവദനീയമായതിനാൽ 50% ഗുണഭോക്തൃ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കി വേണം കാലിത്തീറ്റ വിതരണം നടത്തേണ്ടത്.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഗുണഭോക്തൃ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2. ഗുണഭോക്തൃ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാതെ തന്നെ നിർവ്വഹണോദ്യോഗസ്ഥൻ ക്ഷീരസഹകരണ സംഘങ്ങൾ നൽകിയ ലിസ്റ്റ് പ്രകാരം ബിൽ തുകയുടെ 50% കണക്കാക്കി സബ്സിഡി ക്ഷീരസഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു.

3. ക്ഷീരസഹകരണ സംഘങ്ങൾ കാലിത്തീറ്റ ഇറക്കിയതിനുള്ള ഇറക്ക് കൂലി – വിതരണ സ്ഥാപനത്തിൽ / കേരള ഫീഡ്സിൽ നിന്ന് സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടില്ല.

4. വിതരണ സ്ഥാപനം സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല..

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/തീയതി.12.09.2025) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 വ്യവസായ വികസന ഓഫീസർ പദ്ധതി നടപ്പാക്കിയില്ല

മുപ്പത്തിയേഴ് ലക്ഷത്തിഅമ്പതിനായിരം രൂപ വകയിരുത്തി 2 പദ്ധതികളുടെ നിർവഹണചുമതല വ്യവസായ വികസന ഓഫീസറെ തൻവർഷം ഏൽപിച്ചിരുന്നെങ്കിലും പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം അടിയന്തരമായി വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/10.09.2025) മറുപടിയായി വാർഷിക പദ്ധതിയിലെ ചെറുകിട വ്യവസായം / സ്വയം തൊഴിൽ സംരംഭങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് തുക വകയിരുത്തിയിരുന്നെങ്കിലും ബ്ലോക്ക് ഭരണ സമിതി /സെക്രട്ടറി അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമായത് 24.12.2024 ആണെന്നും ടി കാലയളവിൽ ജോലി ചെയ്തിരുന്ന വ്യവസായ വികസന ഓഫീസർ 2025 ജനുവരി മുതൽ ദീർഘകാല അവധിയിൽ പ്രവേശിക്കുകയും ചെയ്തു എന്നും തുടർന്ന് ജില്ലാ വ്യവസായ ഓഫീസിൽ നിന്ന് സഹകരണ ഇൻസ്പെക്ടമാർക്ക് അധികചുമതല നൽകിയിരുന്നുവെങ്കിലും

പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്നും പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ പദ്ധതി നടപ്പിലാക്കുവാൻ താൽപ്പര്യപ്പെട്ടില്ല എന്നും വിശദീകരണം നൽകി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ അധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-25 പട്ടികജാതി വികസന ഓഫീസർ ഒരു പദ്ധതി മാത്രം നടപ്പാക്കി**

ജനസംഖ്യയിൽ ഭൂരിപക്ഷവും പട്ടികജാതി വിഭാഗക്കാരായ ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ അറുപത്തിനാല് ലക്ഷത്തി മുപ്പത്തി ഏഴായിരത്തിതൊള്ളായിരം രൂപ വകയിരുത്തി 7 പദ്ധതികളുടെ നിർവഹണചുമതല പട്ടികജാതി വികസന ഓഫീസറെ ഏൽപിച്ചിരുന്നെങ്കിലും ഒരു പദ്ധതി മാത്രമാണ് (ദേവികുളം പട്ടികജാതി വികസന ഓഫീസിലെ ദൈനംദിന ചെലവുകൾക്ക് തുക നൽകൽ പ്രോജക്ട് നം.64/25) തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/10.09.2025) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-26 ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിൽ അപാകത**

ദേവികുളം ബ്ലോക്ക് പഞ്ചായത്തിലെ ഡ്രൈവർമാർക്ക് യാത്രാബത്ത നൽകിയതിൽ അപാകത കാണുന്നു. താഴെപ്പറയുന്ന ഡ്രൈവർമാർക്ക് ദൈനംദിന ജോലിയുടെ ഭാഗമായുള്ള യാത്രകൾക്കും യാത്രാബത്ത അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1.നൗഷാദ് കെ.എ**

| ക്രമ നം. | വൌച്ചർ നം., തീയതി | ചെക്ക് നം., തീയതി | യാത്ര ചെയ്ത തീയതി | യാത്രാ വിവരം | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 22400256, 07.08.24 | 6929354, 06.07.24 | 07.10.23 | ദേവികുളം – വട്ടവട ഗ്രാമപഞ്ചായത്ത് | 78 |
| 2 | | | 10.10.23 | ദേവികുളം – മറയൂർ ഗ്രാമപഞ്ചായത്ത് | 93 |
| 3 | | | 18.10.23 | ദേവികുളം – വട്ടവട ഗ്രാമപഞ്ചായത്ത് | 96 |
| 4 | | | 25.10.23 | ദേവികുളം – വട്ടവട , ചിന്നക്കനാൽ | 102 |
| 5 | | | 16.11.23 | ദേവികുളം – വട്ടവട ഗ്രാമപഞ്ചായത്ത് | 75 |
| 6 | | | 07.12.23 | ദേവികുളം – വട്ടവട ഗ്രാമപഞ്ചായത്ത് | 70 |
| 7 | | | 21.12.23 | ദേവികുളം – മറയൂർ, കാന്തല്ലൂർ | 87 |

| | | | | | |
|---|---|---|---|---|---|
| 8 | | | 28.12.23 | ദേവികുളം – ശാന്തൻപാറ ഗ്രാമപഞ്ചായത്ത് | 42 |
| 9 | | | 01.02.24 | ദേവികുളം – മറയൂർ ഗ്രാ.പ | 70 |
| 10 | | | 02.02.23 | ദേവികുളം –കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 79 |
| 11 | | | 03.02.23 | ദേവികുളം – വട്ടവട ഗ്രാമപഞ്ചായത്ത് | 75 |
| **ആകെ** | | | | | **867** |

**2.ജിനോ സാബു**

| ക്രമ നം. | വൗച്ചർ നം., തീയതി | ചെക്ക് നം., തീയതി | യാത്ര ചെയ്ത തീയതി | യാത്രാ വിവരം | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 22400361, 02.09.24 | 6929378, 29.09.24 | 21.02.24 | ദേവികുളം – നടയാർ | 31 |
| 2 | | | 22.02.24 | ദേവികുളം – നടയാർ | 47 |
| 3 | | | 02.03.24 | ദേവികുളം – ചിന്നക്കനാൽ | 33 |
| 4 | | | 03.03.24 | ദേവികുളം – പഞ്ചായത്ത് പ്രദേശങ്ങൾ | 79 |
| 5 | | | 16.03.24 | ദേവികുളം – ശാന്തൻപാറ, മാട്ടുപെട്ടി | 71 |
| 6 | | | 20.03.24 | ദേവികുളം – മൂന്നാർ | 42 |
| 7 | | | 02.05.24 | ദേവികുളം – വട്ടവട | 65 |
| 8 | | | 04.05.24 | ദേവികുളം – മാങ്കുളം | 74 |
| 9 | | | 08.05.24 | ദേവികുളം – സൈലന്റ് വാലി | 99 |
| 10 | | | 10.05.24 | ദേവികുളം – മൂന്നാർ, പൂപ്പാറ | 47 |
| **ആകെ** | | | | | **588** |

15.02.2024 ലെ ധനകാര്യ(വ്യയം-സി) വകുപ്പ് ഉത്തരവ് നം.2629474/വ്യയം-സി1/104/2023-ധന ഉത്തരവ് പ്രകാരം ഡ്രൈവർമാർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ വകുപ്പ്തല ഡ്രൈവർമാർ ദൈനംദിന ജോലിയുടെ ഭാഗമായാണ് വാഹനം ഓടിക്കുന്നതെന്നും ഇത്തരത്തിൽ ദൈനംദിന ജോലിയുടെ ഭാഗമായി വാഹനം ഓടിക്കുമ്പോൾ യാത്രബത്ത അനുവദനീയമല്ല എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടിവരുമ്പോൾ ഹാൾട്ട് വരുന്ന അവസരങ്ങളിൽ യാത്രാബത്ത(Incidental Expenses), ദിനബത്ത എന്നിവ കെ.എസ്.ആർ ഭാഗംII-ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണെന്നും സ്പഷ്ടീകരണം ഉണ്ട്.

മേൽപ്പറഞ്ഞ യാത്രകൾ ദൈനംദിന ജോലികളുടെ ഭാഗമായുള്ള യാത്രയായതിനാൽ അവയ്ക്ക് യാത്രാബത്ത അനുവദിച്ചത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ടി അപാകതയ്ക്ക് വിശദീകരണം

ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 25/12.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 ഹെൽത്ത് ഗ്രാന്റ് – അവലോകനം**

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

**സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം**

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

**സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം**

കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണ്ണീച്ചർ വാങ്ങൽ, ലാബ് നവീകരണം, പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യ ഉപകരണങ്ങൾ വാങ്ങൽ, ലാബ് റീ- ഏജന്റ്, കിറ്റ്, വാങ്ങൽ ലാബ് പ്രവർത്തനിത്തിനാവശ്യമായ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

**സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ**

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

**സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.**

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം,

ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.**

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷൻ പരിശീലനവും ഉൾപ്പെടുന്നു.

**സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.**

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

**ഫണ്ട് വിശകലനം**

ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് ഓരോ വർഷവും ഒരേ ഹെഡ് ഓഫ് അക്കൗണ്ടിൽ അല്ല വരവ് വയ്ക്കുന്നത്. കൂടാതെ 2024-25 -ലെ മാത്രം ബാങ്ക് സ്റ്റേറ്റ്മെന്റ് ആണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മുൻ വർഷങ്ങളിലെ അക്കൗണ്ടുകളും വരവ് വിവരങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം 10/10.09.2025) നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നീക്കിയിരിപ്പ് തുക (31.03.2025) | ₹373797/-<br>A/C 358902010028100<br>(യൂണിയൻ ബാങ്ക് മൂന്നാർ) | ₹6964748/-<br>A/C 10100100272562<br>(ഫെഡറൽ ബാങ്ക് മൂന്നാർ |

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം പ്രതിഫലിക്കുന്നുണ്ടോ എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവം ചെയ്ത പദ്ധതികൾ**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സി.എച്ച്.സി മെഡിക്കലോഫീസർ നിർവ്വണ ഉദ്യോഗസ്ഥനായി 2023-24 വർഷം വരെ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. സെക്രട്ടറി, മെഡിക്കലോഫീസർ എന്നിവർ വിഭാവനം നടത്തിയ പദ്ധതികളുടെ വിവരം താഴെ നൽകുന്നു.

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2021-22 | ഇല്ല | | | |
| 2022-23 | ഇല്ല | | | |

| | | | | |
|---|---|---|---|---|
| 2023-24 | 191/24 മറയൂർ സി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 150000 | 0 | സെക്രട്ടറി |
| | 192/24 മറയൂർ സി.എച്ച്.സി-യിലെ ലാബ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1707000 | 0 | സെക്രട്ടറി |
| | 193/24 മറയൂർ സി.എച്ച്.സി- യിലേക്ക് യു.പി.എസ്, എയർ കണ്ടീഷനിംഗ് എന്നിവ വാങ്ങൽ | 300000 | 0 | സെക്രട്ടറി |
| 2024-25 | 306/25 പൊതുജനാരോഗ്യ പ്രവർത്തനത്തിന് ആവശ്യം വേണ്ട വിവര സാങ്കേതിക വിദ്യ ഉപകരണങ്ങൾ വാങ്ങൽ | 1500000 | 0 | സെക്രട്ടറി |
| | 243/25 മറയൂർ സി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 150000 | 143798 | സെക്രട്ടറി |
| | 224/25 മറയൂർ സി.എച്ച്.സി- യിലേക്ക് യു.പി.എസ്, എയർ കണ്ടീഷനിംഗ് എന്നിവ വാങ്ങൽ | 300000 | 300000 | മെഡിക്കലോഫീസർ സി.എച്ച്.സി മറയൂർ |
| | 245/25 മറയൂർ സി.എച്ച്.സി-യിലെ ലാബ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1707000 | 1580059 | മെഡിക്കലോഫീസർ സി.എച്ച്.സി മറയൂർ |
| | 307/25 മറയൂർ പൊതുജനാരോഗ്യ യൂണിറ്റിലെ വിവിധ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ | 2717000 | 0 | മെഡിക്കലോഫീസർ സി.എച്ച്.സി മറയൂർ |

**പ്രവർത്തനങ്ങൾ**

വിവിധ വർഷങ്ങളിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ഉപകരണങ്ങൾ സംബന്ധിച്ച വിവരം താഴെ നൽകുന്നു.

| പദ്ധതി | ക്രമ നം | ഉപകരണം | വാങ്ങിയ സ്ഥാപനം | ബിൽ നം & തീയതി | തുക ₹ |
|---|---|---|---|---|---|
| 243/25 മറയൂർ സി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | ജെ.ആർ. എന്റർപ്രൈസസ് | | 143798 |

| | | | | | |
|---|---|---|---|---|---|
| 224/25 മറയൂർ സി.എച്ച്.സി-യിലേക്ക് യു.പി.എസ്, എയർ കണ്ടീഷനർ എന്നിവ വാങ്ങൽ | | എ.സി. ,യു.പി.എസ് എന്നിവ വാങ്ങൽ | PWD/BLDG /EST/5663/ 25.03.2025 എസ്റ്റിമേറ്റ് | ആകെ തുക ₹300000/- പി.ഡബ്ല്യു.ഡി.ക്ക് നൽകിയിട്ടില്ല. പ്രസ്തുത തുക മറയൂർ ഹെൽത്ത് സെന്ററിന്റെ 710031400000114 നമ്പരായുള്ള ട്രഷറി അക്കൗണ്ടിൽ നിക്ഷേപി ച്ചിരിക്കുന്നു. | 194000 |
| | | | PWD/BLDG /EST/4958/ 18.03.2025 എസ്റ്റിമേറ്റ് | | 106000 |
| 245/25 മറയൂർ സി.എച്ച്.സി-യിലെ ലാബ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1 | ഹെമറ്റോളജി അനലൈസർ | ഡീപ് മെഡി ടെക്ക് പ്രൈവറ്റ് ലിമിറ്റഡ് | - (ഉപകരണം ഇൻസ്റ്റാൾ ചെയ്തിട്ടില്ല) | 979400 |
| | 2 | ആശുപത്രി ലാബ് ഉപകരണങ്ങൾ | പി.എം.ബി. ജെ.കെ പാലക്കാട് | 3012 തീ 10.01.2025 | 6667 |
| | 3 | പ്രോട്ടീൻ അനലൈസർ | അഗാപ്പേ ഡയഗ്നോസ്റ്റിക്സ് എറണാകുളം | CO-2324-00029414 തീ 26.03.2024 | 34220 |
| | 4 | ടോപ്-റ്റി അനലൈസർ | റോച്ചേ ഡയഗ്നോസ്റ്റിക്സ് ചെന്നൈ | RV 2435017292 തീ.26.03.2024 | 112100 |
| | 5 | കൊയാഗുലേഷൻ അനലൈസർ | ട്രാൻസാനിയ ബാംഗ്ലൂർ | SDI-2425V-6335 തീ 21.03.2025 | 121450 |
| | 6 | ബയോസേഫ്റ്റി ക്യാബിനെറ്റ് | ക്യൂബെക് കോഴിക്കോട് | Q/2024-25/00201 തീ 24.03.2025 (ഉപകരണം ഇൻസ്റ്റാൾ ചെയ്തിട്ടില്ല) | 250000 |
| | 7 | ബൈനോകുലർ കോമ്പൗണ്ട് | സയിന്റിഫിക് മെഡിക്കൽ | SM/2024-25/237 തീ 17.03.2025 | 31565 |

| | | | | | |
|---|---|---|---|---|---|
| | | മൈക്രോസ്കോപ്പ് | എക്യൂപ്മെന്റ് കൊച്ചി | | |
| | 8 | ഇ.എസ്.ആർ അനലൈസർ | ലാബ് എക്സ് തിരുവനന്തപുരം | LC -5848 തീ 12.03.2025 | 44557 |

**വാങ്ങിയ ഉപകരണങ്ങൾ**



ട്രോപ്-ടി അനലൈസർ



പ്രോട്ടീൻ അനലൈസർ



ബൈനോകുലർ കോമ്പോണ്ട് മൈക്രോസ്കോപ്പ്



കൊയാഗുലേഷൻ അനലൈസർ



ഇ. എസ്. ആർ
അനലൈസർ

ഹെൽത്ത് ഗ്രാന്റിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയിൽ സർക്കാർ ഉത്തരവ് പ്രകാരം ₹1,15,00,000/- തിരികെ എൻ.എച്ച്.എം-ന് അടവാക്കിയിട്ടുണ്ട്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവണത കാണുന്നു. സമയാസമയങ്ങളിൽ തന്നെ ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈനേജ് നിർമ്മാണം-ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ച നഷ്ടം ₹36,574 /

ദേവികുളം ഗ്രാമപഞ്ചായത്തിൽ 2024-2025 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന ഡ്രൈനേജ് പ്രവർത്തി ദേവികുളം ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി സബ്ഡിവിഷൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 10.09.2025 തീയതിയിൽ നേരിട്ട് പരിശോധിച്ചതിൽ അളവ് ബുക്ക് പ്രകാരം ഡ്രൈനേജ് ബെഡ്ഡിന് മുകളിൽ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്ന പ്രൈസ്

സ്പെസിഫിക്കേഷൻ 75.8.1.1.A പ്രകാരമുള്ള 1:2:4 വിയറിംഗ് കോട്ട് കോൺക്രീറ്റിംഗ് എന്ന ഇനം ചെയ്തിട്ടില്ലായെന്ന് ബോദ്ധ്യമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി/പദ്ധതി നമ്പർ | അളവ് എം$^3$ | നൽകിയ തുക (₹) (18% GST ഉൾപ്പെടെ) |
|---|---|---|---|
| 1 | ന്യൂകോളനി ഡ്രൈനേജ് – ദേവികുളം (210/2024-2025)<br>അടങ്കൽ: ₹6,18,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>ഫയൽ നമ്പർ : LSGD/CELSGD/EST/TS/58834/2023<br>കരാറുകാരൻ: ശ്രീ.ജോസ് വർഗ്ഗീസ് മാത്യു<br>കരാർ നം: 15/AE/LSGD/DKM/23-24/13-10-2023<br>അളവ് പുസ്തകം: E- M Book<br>ചെലവ്: ₹5,75,809/-<br>വൗച്ചർ നം: / 21-10-2024<br>ഇനം നമ്പർ-4<br>കോസ്റ്റ് ഇൻഡക്സ്-39.83 % | 4.200 M3 | 30994.87<br>@7379.73/M3<br>18% GST<br>5579.07<br>36573.94<br>= 36574 |

ചെയ്യാത്ത ഇനം പ്രവൃത്തി അളവ് ബുക്കിൽ രേഖപ്പെടുത്തി ₹36,574 /- അധികം അനുവദിച്ചിരിക്കുന്നു. ക്രമവിരുദ്ധമായി അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീയതി.12.09.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. തുക ഈടാക്കാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

**മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 24 | 141000 | 141000 | 0 | 0 |

* 01.04.2024 മുതൽ 31.03.2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള

റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| | | ബാധകമല്ല | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| | ബാധകമല്ല | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| | | ബാധകമല്ല | | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2024-25വർഷത്തെ സംയുക്ത പദ്ധതികളുടെ വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 360000 | പി എം എ വൈ ഗ്രാമീൺ-ജനറൽ 17/25) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 420000 | പി എം എ വൈ ഗ്രാമീൺ-റ്റി എസ് പി( 20/25) | 420000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 342000 | പി എം എ വൈ ഗ്രാമീൺ-എസ് സി പി( 18/25) | 342000 | 0 |
| | | 1122000 | | 1122000 | |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 370000 | പി എം എ വൈ ഗ്രാമീൺ-ജനറൽ 17/25) | 370000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 180000 | പി എം എ വൈ ഗ്രാമീൺ-റ്റി എസ് പി( 20/25) | 180000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 476000 | പി എം എ വൈ ഗ്രാമീൺ-എസ് സി പി( 18/25) | 476000 | 0 |
| | | 1026000 | | 1026000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ-വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 32 | 1999 | 15(a) | റ്റി.വി, വി.സി.ആർ.എന്നിവ വാങ്ങിയതിലെ ക്രമക്കേട് |
| 1997-98 | 36 | 1999 | 15(b) | സാംസ്കാരിക നിലയ നിർമ്മാണത്തിലെ നിരുത്തരവാദപരമായ നടപടികൾ |
| 2003-04 | 3-11 | 2006-07 | 3-35.1 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല |
| 2006-07 | 3-4 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല |
| 2007-08 | 3-11 | 2007-08 | 2-14 | നിക്ഷേപ വേലകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം |
| 2008-09 | 3-6 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം |
| 2012-13 | 3-1 | 2014-15 | 6-7 | ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ വ്യജരേഖ ചമച്ച് പദ്ധതി പണം അപഹരിച്ചു |
| 2012-13 | 3-2 | | | |
| 2013-14 | 3-1 | 2015-16 | 8-6 | പദ്ധതി പ്രവർത്തനത്തിന് പിൻവലിച്ച തുക ദുർവിനിയോഗം ചെയ്തു. ₹8.58 ലക്ഷത്തിന്റെ ക്രമക്കേട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | | 48965734 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 129652896 |
| ആകെ | | 178618630 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 116917097 |
| നീക്കിയിരിപ്പ് | | 61701533 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 36,574/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,11,45,239/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 1-17 (3-1) | - | 36574 | 18237<br>18237 | ശ്രീ ഷിബു ബി, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ വിനയദാസ് എൻ.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2,26,350 | ശ്രീ ശ്യാം ജോസ്,സെക്രട്ടറി ഇൻ ചാർജ് |
| 1-13(II) | 1,53,557 | ഡോ. ഷെറിൻ മേരി മാത്യു, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.), ദേവികുളം |
| 1-14 | 4,49,327 | ഡോ. ഷെറിൻ മേരി മാത്യു, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.), ദേവികുളം |
| 1-15 | 1,00,000 | ശ്രീ റ്റോമി ജോസഫ്,സെക്രട്ടറി |
| 1-15 | 14,90,000 | ശ്രീ ശ്യാം ജോസ്,സെക്രട്ടറി ഇൻ ചാർജ് |
| 1-15 | 78,17,000 | ശ്രീ ഷാജു എം.പി ,സെക്രട്ടറി ഇൻ ചാർജ് |
| 1-16 | 3,32,596 | ശ്രീ ഷിബു ബി,അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-19 | 5,76,409 | ശ്രീ ഷിബു ബി,അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-9 |

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ശ്യാം ജോസ്, സെക്രട്ടറി ഇൻ ചാർജ് | | ജോസ് വില്ല, അജന്ത കോംപ്ലക്സ്, അമല നഗർ പി.ഒ, തൃശ്ശൂർ ജില്ല, പിൻ – 680555 |
| ശ്രീ റ്റോമി ജോസഫ്, സെക്രട്ടറി | അടിത്തുണ്‍ പറ്റി | പ്ലാശനാൽ, തലപ്പലം, കോട്ടയം ജില്ല പിൻ -686579 |
| ശ്രീ ഷാജു എം.ബി, സെക്രട്ടറി ഇൻ ചാർജ് | ജോയിന്റ് ബി ഡി ഒ , ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | മാരിയിൽ, ചീനിക്കുഴി പി.ഒ, പിൻ -685595 |
| ശ്രീ ഷിബു ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | ഒലീവ്, സെന്റ് ജൂഡ് നഗർ, പെരുകാവ് പി.ഒ, തിരുവനന്തപുരം ജില്ല, പിൻ – 695573 |
| ശ്രീ വിനയദാസ് എൻ.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊച്ചിൻ കോർപ്പറേഷൻ | മിത്രം, പള്ളിപ്പടി, മേവല്ലൂർ പി.ഒ., വൈക്കം, കോട്ടയം പിൻ – 686609 |
| ഡോ. ഷെറിൻ മേരി മാത്യു, മെഡിക്കൽ ഓഫീസർ, | (സി.എച്ച്.സി.), ദേവികുളം | പാറപ്പാട്ട് (H), III/394 D- പൂമറ്റം റോഡ്, കാരിക്കോട്, മുളന്തുരുത്തി പി.ഒ., കണയന്നൂർ, എറണാകുളം – 682314 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **വർഷം** | **ഈ ഓഫീസിൽ നിന്നും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** | **തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ** |
|---|---|---|---|
| 1997-98 | KSA IDK-3/1224/1997-98 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022 | 13 | 3-24, 3-25, 3-26(3, 4, 5), 3-27 മുതൽ 3-33 വരെയും 3-36, 3-36 (എ, എ3, എ4, എ11), 3-37 |
| 1998-99 | KSA IDK-3/1224/1998-99 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022 | 2 | 3-32, 3-33 |
| 1999-2000 | KSA IDK-3/1224/1999-00 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022 | 3 | 2-23, 2-24, 2-27 |
| 2000-01 | KSA IDK-3/1224/2000-01 (അദാ-ഓഗസ്റ്റ്)/2022 തീയതി 19-9-2022 | 2 | 3-2, 3-26 |

| | | | |
|---|---|---|---|
| 2001-02 | KSA IDK-3/1224/2001-02 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 2 | 2-5, 2-7 |
| 2003-04 | KSA IDK-3/1224/2003-04 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 5 | 3-1, 3-3, 3-5, 3-8, 3-11 |
| 2006-07 | KSA IDK-3/1224/2006-07 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 3 | 3-3, 3-4(ഇ), 3-6 |
| 2007-08 | KSA IDK-3/1224/2007-08 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 5 | 3-5, 3-6, 3-7, 3-14, 3-16 |
| 2009-10 | KSA IDK-3/1224/2009-10 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 1 | 3-6 |
| 2010-11, 2011-12 | KSA IDK-3/1224/2010-11, 2011-12 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 8 | 3-1, 3-6, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2012-13 | KSA IDK-3/1224/2012-13 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 8 | 2-1(സി), 2-2, 2-4, 3-1, 3-2, 3-3, 3-4(എ, സി), 3-9 |
| 2013-14 | KSA IDK-3/1224/2013-14 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 4 | 3-1, 3-2, 3-3, 3-5 |
| 2014-15 | KSA IDK-3/1224/2014-15 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 2 | 3-2, 3-4 |
| 2015-16 | KSA IDK-3/1224/2015-16 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 3 | 3-7, 3-9, 3-10 |
| 2016-17 | KSA IDK-3/1224/2016-17 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 4 | 3-5, 3-7, 3-9, 4-8 |
| 2017-18 | KSA IDK-3/1224/2017-18 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 4 | 3-2, 3-5, 3-7, 3-8 |
| 2018-19 | KSA IDK-3/1224/2018-19 (അദാ-ഓാഗസ്റ്റ്)/2022 തീയതി 19-9-2022 | 5 | 1-12, 1-13, 1-16, 1-20, 3-3(1) |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-13/338/2022 തിയതി.25.05.2022 | 14 | 1-1 മുതൽ 1-14 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-13/339/22/ തീയതി.25.05.2022 | 14 | 1-1 മുതൽ 1-14 വരെ |
| 2021-22 | KSA-IDK/P9/448/23 / 16/05/2023 | 19 | 1-1 മുതൽ 1-19 വരെ |
| 2022-23 | നമ്പർ: കെഎസ്എഐഡികെ.പി-9/ | 23 | 1-1-3 മുതൽ 1-1-8 വരെ, |

| | | | |
|---|---|---|---|
| | 1322/2023/ 20/12/2023 | | 1-3-1,<br>1-7 മുതൽ 1-11 വരെ,<br>1-13 മുതൽ 1-20 വരെ,<br>3-1 മുതൽ 3-2 വരെ,<br>4-4 |
| 2023-2024 | നമ്പർ: കെഎസ്എഐഡികെ.പി-8/ 139/2025/ 10/02/2025 | 10 | 1-1-4,1-1-5,1-1-6,1-8,<br>1-9,1-10,<br>1-12,1-13,1-14,1-17 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 07-07-2025 and submitted on 15-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Devikulam Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Devikulam Block Panchayat as on 31-03-2025

**Date: 22/12/2025**

**Senior Deputy Director**
**District Office Idukki**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Devikulam Block Panchayat for the Year 2024-2025 .

**1.Major Observations**

Asset register has not been kept up-to-date by carrying out valuation of assets in the institution as per instructions in G.O(MS)152/2011 dated 6/07/2011.

**2.Other Observations**

1. All mandatory Financial Statements prescribed in the accounting rule are not included with AFS.
2. Net Incease/Decrease in cashflow does not match with the difference between the opening balance

and closing balance of cash and equivalents.

3. Demand Registers do not match with accounts.

4. Accumulated depreciation provided for the asset exceeds the bookvalue.

5. Depreciation recorded could not be verified in the absence of work sheets

6. Capital Work-in- progress amount shown in AFS mismatch with actuals.

7.Lack of authenticated journal vouchers for supporting the adjustment entries recorded in prior period

items

8. Reconcilation statement of bank accounts not properly maintained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്